**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2678** **13-12-2022 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി.വരുമാനം പ്രതീക്ഷിച്ചത് പോലെ വർദ്ധിക്കാത്തതിന്റെ പ്രശ്നങ്ങൾ കണ്ടെത്താനും നികുതി ചോർച്ച തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാനും സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.<br><br>വാറ്റ് സമ്പ്രദായത്തിൽ റവന്യൂ ന്യൂട്രൽ റേറ്റ് 14.5% ആയിരുന്നു. എന്നാൽ ജി എസ് റ്റി നടപ്പിലാക്കിയതിന് ശേഷം തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും ഇത് മൂലം റവന്യൂ ന്യൂട്രൽ നിരക്ക് വലിയ രീതിയിൽ കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.ജി. എസ്.ടി. പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും, നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. ജി. എസ്.ടി. യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി. എസ്. ടി. നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.ജി.എസ്.ടി റിട്ടേണുകൾ വിശദമായ സ്ക്രൂട്ടിനി നടത്തി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.എസ്.ടി യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി.എസ്.ടി.എൻ വികസിപ്പിച്ചെടുത്ത മോഡൽ 2 ബാക്ക് ഓഫീസ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണ്ണമായും മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും.<br><br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജുഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി നിയമപ്രകാരം ഇൻവെസ്റ്റിഗേഷൻ വിഭാഗം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുന:സംഘടന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.ക്ക് മുൻപുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിനായി ആംനസ്റ്റി പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നികുതി വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ ലക്കി ബിൽ ആപ്പിന്റെ പ്രവർത്തനം ഗുണം ചെയ്തിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | **ഉണ്ട്. ഉപഭോക്താക്കളിൽ ബില്ലുകൾ ചോദിച്ചുവാങ്ങുന്ന പ്രവണത വർദ്ധിപ്പിക്കുന്നതു വഴി നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകും.** |
| (സി) | ലക്കി ബിൽ ആപ്പ് കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ? | (സി) | **ലക്കി ബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കാനായി കൂടുതൽ ബില്ലുകൾ അപ് ലോഡ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതിനോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാക്കുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ലക്കി ബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിന പ്രതിവാര** |

| | | | |
|---|---|---|---|
| | | | **പ്രതിമാസ നറുക്കെടുപ്പുകൾ ജില്ലകളിൽ വച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. ആപ്പിൾ അടക്കമുള്ള മൊബൈൽ ഫോൺ ഉപഭോക്താക്കളിലേയ്ക്ക് ലക്കി ബിൽ ആപ്പ് എത്തിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന ലക്കി ബിൽ വെബ് ആപ്ലിക്കേഷൻ ഉടൻ തയ്യാറാകും. ഇതോടെ ലക്കി ബിൽ മൊബൈൽ ആപ്പ് എല്ലാത്തരം ഫോൺ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ സാധിക്കും. കൂടാതെ സാമൂഹിക മാധ്യമ പ്രവർത്തകർ, കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾ, റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവ വഴി ആപ്പിന്റെ പ്രചാരണം നടത്തുന്നതിനായി റഫറൽ കോഡ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.** |

സെക്ഷൻ ഓഫീസർ